ലജ്ജ ഈമാനിൽ (വിശ്വാസത്തിൽ) പെട്ടതാണ്
അബ്ദുല്ലാഹി ബ്നു ഉമർ -ماَ ُهْنَع هُ

َ ِض َي الل
ر- നിവേദനം: തൻ്റെ സഹോദരനോട് ലജ്ജ (കുറക്കാൻ)
ഒരാൾ ഉപദേശിക്കുന്നത് നബി صلى الله عليه وسلم കേൾക്കുകയുണ്ടായി. അപ്പോൾ അവിടുന്ന് പറഞ്ഞു: "ലജ്ജ
ഈമാനിൽ (വിശ്വാസത്തിൽ) പെട്ടതാണ്."
[صحيح] [متفق عليه]
നിനക്ക് ലജ്ജ കൂടുതലാണെന്നും, അത് കുറക്കണമെന്നും തൻ്റെ സഹോദരനെ ഗുണദോഷിക്കുന്ന
ഒരാളുടെ സംസാരം നബി صلى الله عليه وسلم കേട്ടു. അപ്പോൾ ലജ്ജ വിശ്വാസത്തിൻ്റെ ഭാഗമാണ് എന്ന് നബി صلى الله عليه وسلم പറഞ്ഞു
കൊടുത്തു; ലജ്ജ കൊണ്ട് നന്മയല്ലാതെ ഉണ്ടാവുകയില്ല. മനോഹരമായത് മാത്രം ചെയ്യാനും,
മോശമായതെല്ലാം ഉപേക്ഷിക്കാനും പ്രേരിപ്പിക്കുന്ന സ്വഭാവഗുണമാണ് ലജ്ജയെന്നത്.
https://sunnah.global/hadeeth/ml/show/5478